# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.988 10.06.2019 -ലെ മറുപടി

**ഭൂജലശോഷണം**

**ചോദ്യം** **മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

**ശ്രീ.പി.ഉബൈദുള്ള**
**,, എൻ. ഷംസുദ്ദീൻ**
**,, എൻ .എ.നെല്ലിക്കുന്ന്**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഭൂജലം രണ്ടു മുതൽ ആറു മീറ്റർ വരെ താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 756 നിരീക്ഷണകിണറുകളിൽ നിന്നുമുള്ള ജലവിതാന ഡാറ്റാ (Water Level Data) എല്ലാ മാസവും വകുപ്പ് ശേഖരിച്ച് വിശകലന പഠനങ്ങൾ നടത്തി വരുന്നു. മാർച്ച് 2019 ൽ ഭൂജലനില 10 വർഷത്തെ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ 55% തുറന്ന കിണറുകളിലും 58% കുഴൽകിണറുകളിലും കുറവ് രേഖപ്പെടുത്തി യിട്ടുണ്ട്. ഭൂരിഭാഗം കിണറുകളിലെയും ഭൂജല വ്യതിയാനം ആശങ്കാജനകമല്ലെങ്കിലും തൃശ്ശൂർ ജില്ലയിലെ 4 നിരീക്ഷണകിണറുകളിൽ ഭൂജലനില രണ്ടു മുതൽ ആറു മീറ്റർ വരെ താഴ്ന്നതായി നിരീക്ഷണത്തിൽ വ്യക്തമായിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ എൺപതു ശതമാനത്തോളം ഗ്രാമവാസികളും അൻപതു ശതമാനത്തോളം നഗരവാസികളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് ഭൂജലമായതിനാൽ ഇത് കുടിവെള്ള ക്ഷാമം ഉണ്ടാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | ബാധകമല്ല |

**സെക്ഷൻ ഓഫീസർ**